# പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്

കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളും തദനുസരണമായ സർക്കാർ ഉത്തരവുകളും പ്രകാരം മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പുറപ്പെടുവിക്കുന്ന മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്.

## ഭാഗം -1 പൊതുവിവരങ്ങൾ

| | |
|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ പേര് | – **തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്** |
| ഉൾപ്പെടുന്ന ജില്ല | – മലപ്പുറം |
| ഓഡിറ്റിന് വിധേയമായ കാലയളവ് | – 01.04.2024 മുതൽ 31.03.2025 വരെ |
| ഓഡിറ്റ് നടത്തിയ കാലയളവ് | – 21/05/2025 മുതൽ 26/05/2025 വരെ & 29/05/2025 |

## ഓഡിറ്റ്പരിശോധന നടത്തിയ ഉദ്യോഗസ്ഥൻമാർ

1. ശ്രീ.സലീം ഓടക്കൽ (സെക്ഷൻ ഓഫീസർ)
2. ശ്രീ.അബ്ദുറഹിമാൻ. പി (അസിസ്റ്റൻ്റ് സെക്ഷൻ ഓഫീസർ)
3. ശ്രീ.രഞ്ജിത് കെ.വി (അസിസ്റ്റൻ്റ് സെക്ഷൻ ഓഫീസർ)

## ഭാഗം -2 തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിവരങ്ങൾ

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്തിന്റെ വിസ്തീർണ്ണം.......... | - 142.10 ച.കി.മീ |
| ജനസംഖ്യ ............................................................. | - ലഭ്യമല്ല |
| വീടുകളുടെ എണ്ണം............................................ | - ലഭ്യമല്ല |
| ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം/വിവരം...... | - 5, വള്ളിക്കുന്ന്, മൂന്നിയൂർ, തേഞ്ഞിപ്പാലം, പെരുവള്ളൂർ, നന്നമ്പ്ര |
| ബ്ലോക്ക്പഞ്ചായത്ത് ഡിവിഷനുകളുടെ എണ്ണം | - 15 |
| വനിതാ സംവരണ ഡിവിഷനുകളുടെ എണ്ണം | - 8 |
| പട്ടികജാതി സംവരണ ഡിവിഷനുകളുടെ എണ്ണം | - 1 |
| പട്ടിക വർഗ്ഗ സംവരണ ഡിവിഷനുകളുടെ എണ്ണം | - 0 |
| പ്രസിഡന്റ് ............................................................ | - ശ്രീമതി. സാജിദ കെ.ടി |
| വൈസ് പ്രസിഡന്റ്............................................ | - ശ്രീ. അലി(പീച്ചു ഒടിയിൽ) |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | |
| (എ)ധനകാര്യം .................................................... | -ശ്രീ. അലി(പീച്ചു ഒടിയിൽ) |
| (ബി) ക്ഷേമകാര്യം ............................................. | -ശ്രീ.സ്റ്റാർ മുഹമ്മദ് |
| (സി) വികസന കാര്യം ....................................... | - ശ്രീമതി.ഫൌസിയ |
| (ഡി) ആരോഗ്യം, വിദ്യാഭ്യാസം....................... | - ശ്രീമതി. ബിന്ദു.പി.ടി |
| സെക്രട്ടറി.............................................................. | - 1.ശ്രീമതി. ബിന്ദു സി.പി,2.(പ്രേമരാജൻ ഒ കെ |
| സെക്രട്ടറി ഉൾപ്പെടെ ജീവനക്കാരുടെ ആകെഎണ്ണം | - 30 |
| സ്ഥിരം.................................................................... | - 25 |
| കരാറടിസ്ഥാനത്തിൽ........................................... | - 3 |
| താല്ക്കാലികം..................................................... | - 2 |

## ഭാഗം -3 -വരവ് ചെലവുകൾ

| പട്ടിക -II (എ) | | | | |
|---|---|---|---|---|
| വികസന ഫണ്ട് (2024-25) | | | | |
| ഇനം | ജനറൽ (രൂപയിൽ) | എസ്‌സിപി (രൂപയിൽ) | ടി എസ് പി (രൂപയിൽ) | ആകെ (രൂപയിൽ) |
| മുൻ ബാക്കി | 0 | 0 | 0 | 0 |
| 2024-25-ലെ വിഹിതം | 33308000 | 11642000 | 0 | 44950000 |
| ആകെ | 33308000 | 11642000 | 0 | 44950000 |
| 2024-25-ലെ ചെലവ് | 30651377 | 11642000 | 0 | 42293377 |
| നീക്കിയിരിപ്പ് | 0 | 0 | 0 | 0 |

| പട്ടിക -II (ബി) | | | |
|---|---|---|---|
| മെയിൻറനൻസ് (2024-2025) | | | |
| ഇനം | മെയിൻറനൻസ് ഫണ്ട്(രൂപയിൽ) | ബിപിഎഫ്എ-I - (ജിപിജി ഉൾപ്പെടെ) (രൂപയിൽ) | ബിപിഎഫ്എ-I -ൽ ഉൾപ്പെട്ട (ജിപിജി)-യുടെ കണക്ക്(രൂപയിൽ) |
| മുൻ ബാക്കി | 0 | 12671790 | 11918078 |
| 2024-25-ലെ വിഹിതം | 8038000 | 8025392 | 7917000 |
| ആകെ | 8038000 | 20697182 | 19835078 |
| 2024-25-ലെ ചെലവ് | 66225571 | 5264657 | 5172416 |
| നീക്കിയിരിപ്പ് | 0 | 15432525 | 14662662 |

| പട്ടിക II (C) (2024-25) | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ | | | | |
| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ, | ബാങ്കിന്റെ/ ട്രഷറിയുടെ പേര് | ഫണ്ടിന്റെ പേര് | 2025 മാർച്ച് 31 ലെ നീക്കിയിരിപ്പ്(രൂപയിൽ) |
| 1 | 799013000000923 | Sub Treasury Thirurangadi | General purpose fund | 0 |
| 2 | 799011400000855 | Sub Treasury Thirurangadi | Joint Ventrure Project | 0 |
| 3 | 110027491808 | Canara Bank | Health Grant | 3429205 |
| 4 | 110117840567 | Canara Bank | CFC GRANT (PFMS) | 11752715 |
| 5 | 110117170680 | Canara Bank | OWN FUND | 4088059 |
| 6 | 00000067112076385 | SBI Thirurangadi | Online Account | 6 |
| 7 | 40275100101307 | KGB CHEMMAD | TSC | 383921 |
| ആകെ | | | | **19653906** |

| പട്ടിക – 2 (ഡി) – ( 2024–25) | |
|---|---|
| ക്യാഷ് ഇൻ ഹാൻഡ് | 0 |
| സബ്സിഡിയറി ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | 0 |
| മുകളിൽ പ്രസ്താവിക്കാത്ത മറ്റുതരത്തിലുള്ള നീക്കിയിരിപ്പുകൾ (വിശദ വിവരം സഹിതം) | 0 |

## പട്ടിക - 3

### മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടി

| മുൻ പെർഫോമൻസ് ഓഡിറ്റിന്റെ വർഷം | മുൻ പെർഫോമൻസ് ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ തിയ്യതി | റിപ്പോർട്ട് ഭരണ സമിതി യോഗത്തിൽ ചർച്ച ചെയ്ത തിയ്യതി | മറുപടി സമർപ്പിച്ച തിയ്യതി | പരിഹരിക്കാൻ ബാക്കിയുള്ള അപാകതകൾ ക്രമക്കേടുകൾ | സ്റ്റേറ്റ് ഓഡിറ്റിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ വർഷം തിരിച്ച് | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ വർഷം തിരിച്ച് |
|---|---|---|---|---|---|---|
| | | | | 2005-06=1 | 1997-98=3 | 2011-13-1 |
| | | | | 2008-09=1 | 1998-99=1 | 2013-16-1 |
| | | | | 2011-12=2 | 1999-00=1 | |
| | | | | 2012-13=2 | 2000-01=2 | |
| | | | | 2014-15=1 | 2001-02=2 | |
| | | | | 2016-17=2 | 2002-03=6 | |
| | | | | 2017-18=5 | 2003-04=2 | |
| | | | | 2018-19=5 | 2004-05=3 | |
| | | | | 2019-20=9 | 2005-06=4 | |
| | | | | 2020-21=4 | 2006-07=8 | |
| | | | | 2021-22=2 | 2007-08=20 | |
| | | | | 2022-23=10 | 2008-09 To 2011-12 =4 | |
| | | | | 2023-24=11 | 2012-13 To 2013-14 =6 | |
| | | | | | 2014-15=12 | |
| | | | | | 2015-16=7 | |
| | | | | | 2016-17=7 | |
| | | | | | 2017-18=9 | |
| | | | | | 2018-19=12 | |
| | | | | | 2019=20=13 | |
| | | | | | 2020-21 =11 | |
| | | | | | 2021-22=10 | |
| | | | | | 2022-23=7 | |
| | | | | | 2023-24=27 | |

**ഭാഗം – IV (I) - ഗുരുതരമായ ക്രമക്കേടുകൾ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.**

**ഭാഗം – IV (II) - ഇതര ക്രമക്കേടുകൾ**

**1. വെളിമുക്ക് ലക്ഷം വീട് കോളനി യും കിണറും നവീകരണം. ഇന്റർലോക്ക് ടൈൽ വിരിച്ചതിന് അധിക തുക നൽകിയത് –സംബന്ധിച്ച്.**

10 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ലക്ഷംവീട് കോളനിയിലെ കിണർ നവീകരിക്കുകയും കോളനിയിൽ ചിലയിടങ്ങളിൽ ഇൻറർലോക്ക് ടൈൽ പാകുകയും ചെയ്തു . പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**എ)** പദ്ധതി പൂർത്തീകരിക്കുന്നതിന് വലിയ കാലതാമസം നേരിട്ടു. ആയതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി സമയം നീട്ടി നൽകിയിട്ടുണ്ടെങ്കിലും പിഴ ഈടാക്കിയതായി കാണുന്നില്ല.

**ബി)** ഇൻറർലോക്ക് ടൈലിന് തുക അനുവദിച്ച് നൽകിയപ്പോൾ അധിക തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നൽകിയ തുക. 297.453 *1017.88 രൂപ=302771.46 രൂപ

നൽകാവുന്ന തുക. 297.453 *848.92 രൂപ =252513.8 രൂപ

അധികനിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആയതിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**2. ഹാൻഡ് റൈലിന് അധികനിരക്ക് അനുവദിച്ചത് തിരിച്ചു പിടിക്കേണ്ടത് സംബന്ധിച്ച്.**

പള്ളിക്കത്താഴം കക്കാട്ട് പാടം ഒളക്കൽ കോയ ഹാജി സ്മാരക റോഡ് കൈവരി നിർമ്മാണം നന്നമ്പ്ര ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിൽ ഹാൻഡ്റയിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആയതിന് തുക അനുവദിച്ച് നൽകിയത് ബാൽക്കണികൾക്കും

ഗോവണികൾക്കും നൽകുന്ന ഉയർന്ന നിരക്കായതിനാൽ നിർദ്ദേശിക്കപ്പെട്ടതിനേക്കാൾ ഉയർന്ന തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നൽകാവുന്ന തുക. 1394.912* 153= 213421.536 രൂപ.

നൽകിയ തുക. 1394.912* 187.15= 242510.40 രൂപ.

അധികം നൽകിയ തുക. 29088.864 രൂപ.

അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് തിരിച്ചുപിടിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

**<u>3. പുഞ്ചപ്പാടം നീട്ടിക്കുഴി ആണിതോട് തിരുത്തേൽ ഏരിയ നവീകരണം (പ്രൊജക്റ്റ് നമ്പർ 132/24)അധിക തുക നൽകിയത് സംബന്ധിച്ച്.</u>**

**എ)** 500000 രൂപ അടങ്കലുള്ള മേൽ പദ്ധതി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കോൺക്രീറ്റ് സിമന്റ് വാൾ പൊളിച്ച ഇനത്തിൽ അധിക തുക അനുവദിച്ച് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നൽകിയ തുക. 2143.90 *4.95മീറ്റർ ക്യൂബ്. =10612.305 രൂപ.

നൽകാവുന്ന തുക. Manual means Mord 2.5.1B 1022.14/meter cube.

Mechanical means Moed2.5.2.A 720.03/meter cube.

ഉയർന്ന നിരക്ക് അനുവദിച്ച് നൽകിയ സാഹചര്യത്തിൽ ആയത് പരിശോധിച്ച് അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് തിരിച്ച് അടവാക്കേണ്ടതാണ്.

**ബി)** പദ്ധതിയുടെ ഭാഗമായി ആയക്കെട്ട് സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയക്കെട്ട് സർട്ടിഫിക്കറ്റിൽ കൃഷിയുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ആയക്കെട്ട് സർട്ടിഫിക്കറ്റിനോടൊപ്പം സ്കെച്ച് മാപ്പ് കൂടി ഫയലിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4. <u>മരാമത്ത് പ്രവർത്തകളിൽ സാമ്പത്തിക മിതത്വം പാലിക്കേണ്ടത് സംബന്ധിച്ച്.</u>**

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവർത്തികളിൽ നിരക്കുകൾ അനുവദിക്കുമ്പോൾ സാമ്പത്തിക മിതത്വത്തിന് പ്രാധാന്യം കൽപ്പിക്കേണ്ടതും അതുവഴി പ്രയോജനപ്പെടുത്തപ്പെടുന്ന തുക കൊണ്ട് ജനങ്ങൾക്ക് പരമാവധി സേവനം ലഭ്യമാവുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ മണ്ണ് കിളക്കൽ പ്രവർത്തികൾക്ക് വീതിയുള്ള റോഡുകളിൽ പോലും മാനുവൽ മീൻസ് 3.5.1 നൽകിയതിനാൽ ഉയർന്ന തുക അനുവദിച്ച് നൽകിയതായി കാണുന്നു. യന്ത്ര സംവിധാനങ്ങൾക്ക് എത്തിപ്പെടാൻ കഴിയുന്ന സ്ഥലങ്ങളിൽ വളരെ കൃത്യമായി ആയത് തന്നെ പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മണ്ണ് കിളക്കൽ പ്രവർത്തി 3. 5 .1 നൽകിയ പ്രവർത്തികൾ താഴെ പറയുന്നവയാണ്.

1. വൈക്കത്ത് പാടം ഡ്രൈനേജ്

2. സി യു പറമ്പ് ഞാറച്ചാലിൽ ഇടവഴി റോഡ്.

3. പുഞ്ചപ്പാടം നീതിക്കുഴി ആണിതോട് തിരുത്തേൽ ഏരിയ നവീകരണം.

4. എൻഎസ്എസ് കൈരളി കോർണർ പാത്ത് വേ ഡ്രൈനേജ്

5. വെങ്ങാട്ടമ്പലം നാവിരുത്തി റോഡ് ഡ്രൈനേജ് പൂർത്തീകരണം.

മേൽ പദ്ധതികൾ പരിശോധിക്കേണ്ടതും അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**5. <u>വൈകിയ പ്രവർത്തികൾക്ക് പിഴ ഈടാക്കാതെ സമയം നീട്ടി നൽകിയത് സംബന്ധിച്ച്.</u>**

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികൾക്ക് വലിയതോതിൽ കരാറുകാർക്ക് സമയം നീട്ടി നൽകിയിട്ടുണ്ട് എന്നാൽ ഫയലിൽ രേഖപ്പെടുത്തപ്പെട്ട കാരണങ്ങൾ ന്യായീകരിക്കത്തക്കതല്ല. ബ്ലോക്ക് പഞ്ചായത്തിന് സമയം നീട്ടി നൽകാമെങ്കിലും പിഴ ഒഴിവാക്കി നൽകാവതല്ല. ആയതിനുള്ള അധികാരം സർക്കാറിൽ നിക്ഷിപ്തമാണ്. താഴെപ്പറയുന്ന പദ്ധതികൾക്ക് സമയം നീട്ടി നൽകിയതായി കാണുന്നു.

1. പറച്ചിനി പുറായ കുടിവെള്ള പദ്ധതി.

2. ചാപ്പപ്പാറ പാറക്കുളത്ത് ചാലിൽ ഡ്രൈനേജ് നിർമ്മാണം.

3. കൊടിഞ്ഞി പീലിയത്ത് കോളനി കുടിവെള്ള പദ്ധതി.

4 വൈക്കത്ത് പാടം ഡ്രൈനേജ് നിർമ്മാണം.

മേൽ പദ്ധതികൾ പരിശോധിക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**6. <u>ബ്ലോക്ക് പഞ്ചായത്ത് സംവിധാനം പൊതു അപാകതകൾ സംബന്ധിച്ച്.</u>**

**എ)** തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഐ എസ് ഒ യുടെ ഭാഗമായി ഓഫീസിന് പുറത്ത് സ്ഥാപിച്ച ബോർഡുകൾ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുന്നില്ല. നിലവിൽ ഉദ്യോഗസ്ഥരുടെ ഹാജർ ,ഭരണ സമിതി, സ്റ്റാൻഡിങ് കമ്മിറ്റി യോഗങ്ങളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവയൊന്നും തന്നെ കാലികമാക്കി സൂക്ഷിക്കുന്നതായി കാണുന്നില്ല.

**ബി)** ബ്ലോക്ക് പഞ്ചായത്ത് സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും നിലവിൽ ആയത് പ്രവർത്തനക്ഷമം അല്ലെന്ന് കാണുന്നു. ആയത് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നടപടികൾ ആവശ്യമാണ്.

**സി)** ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കയറിവരുന്ന ഗ്രിൽ ഗേറ്റിന് മുകൾഭാഗത്തായി പഴയ രണ്ട് ചെറിയ സോളാർ സംവിധാനങ്ങൾ നിലവിൽ നോക്കുകുത്തികളായി നിൽക്കുന്നു.

**ഡി)** ബ്ലോക്ക് പഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫീസർ മാർ തങ്ങളുടെ പ്രവർത്തികൾ ഓഫീസ് പ്രവർത്തനത്തിൽ ഒതുക്കി നിർത്തുന്നതായി ഡയറി പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. ഈ ഉദ്യോഗസ്ഥരുടെ സേവനത്തെ ഫീൽഡുകളിലേക്ക് വിന്യസിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തനം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സമ്പൂർണ്ണമായി എത്തിക്കുന്നതിന് ശ്രമം നടത്തേണ്ടതാണ്.

**7. വാഹനങ്ങളുടെ വിവരങ്ങൾ വീൽസ് സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യാത്തത് സംബന്ധിച്ച്.**

ധനകാര്യ ഐടി സോഫ്റ്റ്‌വെയർ ഡിപ്പാർട്ട്മെൻറ് 22/10/ 2020 ലെ 59/2020 ഉത്തരവുപ്രകാരം സ്വന്തം വാഹനങ്ങൾ ,വാടകക്കെടുത്ത വാഹനങ്ങൾ, കോൺട്രാക്ട് വാഹനങ്ങൾ എന്നിവയുടെയും ആയതിന്റെ ഡ്രൈവർമാരുടെയും വിവരങ്ങൾ വീൽസ് എന്ന സൈറ്റിൽ അപ്ലോഡ് ചെയ്ത് ഓരോ മാസത്തെയും എല്ലാ ചെലവുകളും രേഖപ്പെടുത്തണം എന്ന് ഉത്തരവിറക്കിയിരുന്നു .എന്നാൽ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് നിലവിലും ആയത് പാലിക്കുന്നതായി കാണുന്നില്ല. ആയതിന് ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**8.ബ്ലോക്ക് പഞ്ചായത്ത് സ്റ്റിയറിങ്  കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച്.**

ബ്ലോക്ക് പഞ്ചായത്ത് സ്റ്റിയറിങ് കമ്മിറ്റി ചേരുന്നുണ്ടെങ്കിലും ആയതിന്റെ മിനിട്സ് പരിശോധനയിൽ അജണ്ടയായി സ്റ്റാൻഡിങ് കമ്മിറ്റികളുടെ പ്രവർത്തനം വരുന്നതായോ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതായോ ഏകോപിപ്പിക്കുന്നതായോ കാണാൻ കഴിഞ്ഞില്ല. സ്റ്റിയറിങ് കമ്മിറ്റി പ്രധാന ചുമതലയിൽ നിന്ന് വ്യതിചലിച്ച് ജനകീയസൂത്രണം പോലുള്ള കൃത്യമായ സംവിധാനത്തിലൂടെ രൂപപ്പെട്ട് നടപ്പിലാക്കപ്പെടേണ്ട അജണ്ടകളിലേക്ക് നീങ്ങുന്നത് ആശാവഹമല്ല. സ്റ്റിയറിങ് കമ്മിറ്റിയുടെ പ്രവർത്തനം ശക്തമാക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 9. പ്രവർത്തന സമിതികളുടെ പ്രവർത്തനം സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തന സമിതികളുടെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

**എ)** പ്രവർത്തന സമിതികൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതികൾ ആയി പ്രവർത്തിക്കുന്നതായി കാണുന്നില്ല.

**ബി)** ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തന സമിതികൾ സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നില്ല. പട്ടികജാതി ഉപ പദ്ധതി തയ്യാറാക്കി സമഗ്രമായ വികസനം തേടുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് പട്ടികജാതി വികസനം പരാജയപ്പെട്ടു.

**സി)** ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും പരമ്പരാഗതമായ പദ്ധതികളിലേക്ക് ഒതുങ്ങി തീരുമാനങ്ങൾ എടുക്കുന്നതായി കാണുന്നു .പുതിയ പദ്ധതികൾ ചർച്ച ചെയ്യുകയോ വിഭാവനം ചെയ്യുകയോ ആയതിനനുസരിച്ച് പാകപ്പെടുത്തുകയോ ചെയ്യുന്നില്ല.

**ഡി)** ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികൾ മറ്റുള്ള പദ്ധതികളുമായി സമന്വയിപ്പിക്കപ്പെടുന്നതായോ ആയത് ജനങ്ങൾക്ക് സമ്പൂർണ്ണമായ തലത്തിൽ എത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതായോ കാണുന്നില്ല. 2024 25 കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള പദ്ധതികളൊന്നും തന്നെ എംഎൽഎ ,എംപി, എം ജി എൻ.ആർ.ഇ.ജി.എസ് എന്നിങ്ങനെ വിവിധ പദ്ധതികളുമായി ഏകോപിക്കപ്പെട്ടില്ല.

**ഇ)** ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളുടെ സാന്നിധ്യം കുറവായിരിക്കുന്നതായും വനിത അംഗങ്ങൾ ആവശ്യത്തിന് പങ്കെടുക്കാത്തതായും കാണുന്നു.

മേൽ ഖണ്ഡിക എ മുതൽ ഇ വരെയുള്ളതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 10. മരാമത്ത് വിഭാഗം ഫയലുകളിലെ പൊതുവായ അപാകതകൾ സംബന്ധിച്ച്

**എ)** പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എടുക്കണം എന്ന നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടതായി കാണുന്നില്ല. ലെറ്റർ ഓഫ് ആക്സെപ്റ്റൻസ് ക്ലോസ് 6 പ്രകാരം പദ്ധതികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എടുക്കേണ്ടതും ആയത് സാധ്യമായിട്ടില്ലെങ്കിൽ ഫൈനൽ ബില്ലിൽ നിന്ന് 0.2% ബില്ലിൽ കുറവ് ചെയ്യേണ്ടതുമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പദ്ധതികൾ ഓരോന്നും പരിശോധിക്കേണ്ടതും ഇൻഷ്വറൻസ് പരിരക്ഷ എടുത്തിട്ടില്ലാത്ത പദ്ധതികളുടെ കരാറുകാരിൽ നിന്ന് ബിൽ തുകയുടെ 0.2% ഈടാക്കി റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

**ബി)** ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികൾ വലിയതോതിൽ റിവിഷൻ നടത്തുന്നതായി കാണുന്നു. എസ്റ്റിമേറ്റുകൾ യാഥാർത്ഥ്യബോധത്തോട് കൂടി തയ്യാറാക്കുന്നതിന് കൃത്യമായ പഠനവും പ്ലാനിങ്ങും ആവശ്യമാണ്. ആയതിന്റെ അഭാവത്തിലാണ് വൻതോതിൽ റിവിഷൻ വരുന്നതെന്ന് കാണുന്നു. മേലിൽ ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**സി)** മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് സമിതി നിർജീവമാണെന്ന് കാണുന്നു. ഫയലുകളിൽ പ്രിൻറ് ചെയ്ത മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ഉത്തരവാദിത്തപ്പെട്ട അംഗങ്ങൾ ഒപ്പ് വെക്കാതെ സൂക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടു. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് മോണിറ്ററിംഗ് റിപ്പോർട്ട് കൃത്യമായി എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡി)** അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഓഫീസ് ചെലവുകൾ എന്ന പദ്ധതിയിൽ ഭക്ഷണ ചെലവുകൾക്കൊപ്പം ആയതിനാധാരമായ മീറ്റിങ്ങുകളുടെ ഹാജർ കൂടി സൂക്ഷിക്കേണ്ടതാണ്.

**ഇ)** ക്യാഷ് ബുക്കുകളിൽ ഓരോ രേഖപ്പെടുത്തലുകൾക്കും നേരെ നിർവ്വഹണ ഉദ്യോഗസ്ഥർ ചുരുക്ക ഒപ്പ് വെക്കുന്നതായി കാണുന്നില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.

**എഫ്)** ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തികളിൽ കേരള പഞ്ചായത്തീരാജ് ബിൽഡിംഗ് റൂൾസ് പാലിക്കുന്നതായി കാണുന്നില്ല. കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ബിൽഡിംഗ് റൂൾസ് കൃത്യമായി പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**11. സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ നിലവിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

ബ്ലോക്ക് പഞ്ചായത്ത് സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ മുൻ വർഷങ്ങളിൽ ഏറ്റെടുത്ത് ബിൽഡിങ്ങുകൾ നിർമ്മിച്ച പോലെ ഈ വർഷവും ആയത് നിർമ്മിച്ചതായി കാണുന്നു. മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് അംഗനവാടികൾക്ക് മുകളിലായി സ്ഥാപിച്ച സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ സന്ദർശിച്ചപ്പോൾ നിലവിലും ആയവ ഉപയോഗിക്കപ്പെടാത്ത അവസ്ഥയിൽ നിലനിൽക്കുന്നതായി കാണുന്നു. മുൻ വർഷങ്ങളിൽ ടി സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ സ്ത്രീകൾക്ക് വരുമാനം ഉണ്ടാക്കുന്ന തലത്തിലുള്ള സ്റ്റിച്ചിങ് യൂണിറ്റ് ട്രെയിനിങ് പ്രാക്ടീസ് എന്നിങ്ങനെ വിവിധ തലങ്ങളിൽ ഉപയോഗിക്കപ്പെടും എന്നാണ് വിഭാവനം ചെയ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിൽ നേരിട്ട് സന്ദർശിച്ച പല സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങളും ആയത് എന്തിനാണ് നിർമ്മിക്കപ്പെട്ടത് ടി കാര്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നതായി കാണാൻ കഴിഞ്ഞില്ല. 2024 25 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർമിച്ച ജീലാനി നഗർ അംഗനവാടിക്ക് മുകളിൽ സ്ത്രീ ശാക്തീകരണ കേന്ദ്രവും നേരിട്ട് സന്ദർശിച്ചപ്പോൾ നിലവിൽ ആയത് പ്രയോജനപ്പെടുത്തുന്നില്ല എന്ന് കാണാൻ കഴിഞ്ഞു. വലിയ പദ്ധതി തുക മുടക്കി നിർമ്മിക്കുന്ന വനിത സെക്ടറിലുള്ള ടി ശാക്തീകരണ കേന്ദ്രങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നത് അംഗീകരിക്കാനാവില്ല .ബ്ലോക്ക് പഞ്ചായത്ത് മുൻ വർഷങ്ങളിൽ അടക്കം ഏറ്റെടുത്ത സ്ത്രീ ശാക്തീകരണ കേന്ദ്രങ്ങൾ ഓരോന്നായി ലിസ്റ്റ് ചെയ്യേണ്ടതും ആയത് പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

**12.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച്**

**എ)** 2024–25 സാമ്പത്തിക വർഷത്തിൽ 52 പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഏറ്റെടുത്തത്.ആയതിൽ 32 പദ്ധതികൾ നടപ്പിലാക്കി. നടപ്പിലാക്കിയ 32 പദ്ധതികളിൽ 25 പദ്ധതികളും വിഹിതം നൽകൽ അല്ലെങ്കിൽ

തുക അടവാക്കൽ പദ്ധതികൾ മാത്രമായിരുന്നു.ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നിട്ടും സ്ഥിരം ചെയ്ത് വരുന്ന പദ്ധതികളല്ലാതെ സാമൂഹിക പ്രതിബദ്ധത ഉള്ള പദ്ധതികളോ നൂതന പദ്ധതികളോ ഏറ്റെടുത്തതായി കാണുന്നില്ല.വരും വർഷങ്ങളിൽ ആയതിനുള്ള ശ്രമം നടത്തേണ്ടതാണ്.

**ബി)** ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകുന്ന പദ്ധതിയാണെങ്കിലും പദ്ധതി ഏറ്റെടുക്കുമ്പോൾ പദ്ധതി മാർഗ്ഗ രേഖ 3.5.8 ലെ നിബന്ധന പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**സി)** പല ഫയലുകളിലും ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഉൾചേർപ്പാക്കിയിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചയത്തിന് ഏറ്റെടുക്കുവാൻ സാധിക്കുന്ന പദ്ധതികൾ ആയിരുന്നോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**ഡി)** താഴെ കാണിച്ച വിവിധ പദ്ധതി ഫയലുകളിൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്ത രേഖകൾ ലഭ്യമാക്കി പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് & നമ്പർ | അടങ്കൽ (രൂപയിൽ) | ചെലവ് (രൂപയിൽ) | ലഭ്യമാക്കാനുള്ള രേഖകൾ | | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | ധന വിനിയോഗ സാക്ഷ്യപത്രം | ആസ്തി രജിസ്റ്ററിന്റെ പകർപ്പ് | പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് | മോണിറ്ററിംഗ് റിപ്പോർട്ട് | രസീതി | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ മാല പറമ്പ് ക്കുമണ്ണ റോഡ് നവീകരണം Pro. No.35/25 | 5,80,000 | 5,00,000 | ✓ | ✓ | ✓ | ✓ | | |
| 2 | പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ നടാലുങ്ങൽ അയ്യപ്പൻ ചാലിൽ റോഡ് പുനരുദ്ധാരണം Pro. No.32/25 | 5,00,000 | 3,00,000 | ✓ | ✓ | ✓ | ✓ | | പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് പദ്ധതി നടാൽ അയ്യപ്പൻ ചാലിൽ കോഴങ്ങാട്ട് റോഡ് പുനരുദ്ധാരണം എന്നാണ്. 2 പദ്ധതിയും ഒന്നാണെന്ന സാക്ഷ്യ പത്രം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് |
| 3 | വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് Pro. No.190/25 | 2,00,000 | 2,00,000 | ✓ | | | | ✓ | തുക ശുചിത്വ മിഷൻ ഡയറക്ടർക്ക് ഡെപ്പോസിറ്റ് ചെയ്തു |
| 4 | ഐ.കെ.എം. വിഹിതം നൽകൽ Pro. No.3/25 | 58980 | 58980 | | | | | ✓ | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | പാലിയേറ്റീവ് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം Pro. No.89/25 | 2,00,000 | 2,00,000 | ✓ | | | | | |
| 6 | തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ എൻ.എസ്.എസ് റോഡ് കൈരളി പാത്ത് വേ നിർമ്മാണവും കവറിംഗ് സ്ലാബ് ഇടലും വിഹിതം നൽകൽ Pro. No.167/25 | 9,00,000 | 5,00,000 | ✓ | ✓ | ✓ | ✓ | | |
| 7 | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ കുത്തിരേഴി താലപ്പൊലി റോഡ് വിഹിതം നൽകൽ Pro. No.143/25 | 5,01,000 | 5,00,000 | | ✓ | ✓ | ✓ | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8 | ഇലക്ട്രിക് വീൽ ചെയർ -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ Pro. No.26/25 | 3,00,000 | 2,39,600 | ✓ | | | | | വള്ളിക്കുന്ന് -3,പെരുവള്ളൂർ-2,നന്നമ്പ്ര-2 ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ആകെ 7 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ടവരുടെ പേര് ,മേൽ വിലാസം, ഫോൺ നമ്പർ സഹിതം ഫയൽ സമ്പൂർണ്ണമാക്കേണ്ടതും ആയത് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. |
| 9 | ആരോഗ്യഭേരി-സമഗ്ര ക്യാൻസർ ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി ബ്ലോക്ക് വിഹിതം നൽകൽ Pro. No.159/25 | 1,25,175 | 1,13,057 | ✓ | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ പാലപ്പുറത്താഴം മുക്കായി റോഡ് സൈഡ് പ്രൊട്ടക്ഷൻ വിഹിതം നൽകൽ Pro. No.142/25 | 4,00,000 | 3,00,000 | ✓ | ✓ | ✓ | ✓ | | |
| 11 | നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് വാർഡ്-18 മച്ചിങ്ങത്താഴം കുളം നവീകരണം വിഹിതം നൽകൽ Pro. No.145/25 | 20,00,000 | 5,00,000 | ✓ | | ✓ | ✓ | | |
| 12 | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിലെ തെക്കേപാടം ഇഗലിൽ കുണ്ട് റോഡ് നിർമ്മാണം Pro. No.83/25 | 15,20,220 | 5,20,200 | ✓ | ✓ | ✓ | ✓ | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 13 | പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ഇല്ലത്ത്മാട് നടുകര റോഡ് പുനരുദ്ധാരണം വിഹിതം നൽകൽ Pro. No.31/25 | 5,00,000 | 2,67,633 | ✓ | ✓ | ✓ | ✓ | | |
| 14 | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ തടിയന്റെ പറമ്പ് അംഗനവാടി നിർമ്മാണം Pro. No.137/25 | 5,00,000 | 5,00,000 | ✓ | | ✓ | ✓ | | MGNREGS ഡയറക്ടർക്ക് തുക ഡെപ്പോസിറ്റ് ചെയ്യു.ടി പദ്ധതി ഗ്രാമ പഞ്ചായത്ത് ഏറ്റെത്ത പദ്ധതിയാണോ എന്നത് വ്യക്തമാക്കേണ്ടതും ആണെങ്കിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതിയുടെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ് . |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 15 | മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് ചിനക്കൽ കലം കൊള്ളിയാല റോഡ് റീടാറിംഗ് വിഹിതം Pro. No.161/25 | 7,00,000 | 4,01,418 | ✓ | ✓ | ✓ | ✓ | | |

## 13. പ്രൊജക്ട് നമ്പർ 1/25 കേരളോത്സവം-സംബന്ധിച്ച്

ടി പദ്ധതിയ്ക്ക് ഒന്നര ലക്ഷം രൂപ തനത് ഫണ്ടും ഒരു ലക്ഷം രൂപ യുവജന ക്ഷേമ ബോർഡിൽ നിന്നുള്ള തുകയും വകയിരുത്തി ആകെ രണ്ടര ലക്ഷം രൂപ ചെലവഴിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.എന്നാൽ ടി പദ്ധതിയ്ക്ക് വേണ്ടി 2,47,298 രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. തനത് ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 97282 രൂപ യുവജന ക്ഷേമ ബോർഡിൽ നിന്നും ലഭ്യമാക്കി റീക്രൂപ്പ് ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 14. പ്രൊജക്ട് നമ്പർ 52/25:ലൈഫ് മിഷൻ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ(എസ്.സി)

ടി പദ്ധതിയ്ക്ക് മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തി ആറായിരം രൂപ വകയിരുത്തുകയും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് 10,15,000 രൂപ, പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് -14,25,000 രൂപ, മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്-1,60,000, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്- 7,00,000 രൂപ എന്നിങ്ങനെ ആകെ 33,00,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിന് നൽകിയ 10,15,000 രൂപയുടെ ധന വിനിയോഗ സാക്ഷ്യ പത്രം മാത്രമേ ലഭ്യമാക്കിയിട്ടുള്ളു.തുക കൈമാറിയ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതും വള്ളിക്കുന്ന് ഒഴികെയുള്ള ബാക്കി 3 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**15. വൌച്ചർ സൂക്ഷിപ്പ് -സംബന്ധിച്ച്**

2024-25 കേരളോത്സവത്തിൽ പങ്കെടുത്ത ശ്രീ.അശ്വിൻ.എം, ശ്രീ. അശ്വന്ത്.പി, ശ്രീ.അർജ്ജുൻ, ശ്രീ.അഖിൽ.എം, ശ്രീ.അഭിലാഷ്.എം എന്നീ 5 പേർക്ക് ടി എ ഇനത്തിൽ നൽകിയ 1250 രൂപ (250 രൂപ വീതം) 29/03/2025 നും വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി .ഷൈലജ.എയ്ക്ക് സിറ്റിംഗ് ഫീ ഇനത്തിൽ നൽകിയ 250 രൂപ 02/04/2024 നും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് തിരികെ വന്നിട്ടുണ്ട് ആയത് മേൽ പറയപ്പെട്ട വ്യക്തികൾക്ക് കൈമാറേണ്ടതും ആയത് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**16. വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടത് -സംബന്ധിച്ച്**

ഉണർവ്വ് ടീസ്റ്റാൾ എന്ന സ്ഥാപനം 31/03/2025 തീയതിയിൽ വാടക കുടിശ്ശിക ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 52665 രൂപ അടവാക്കാനായി അവശേഷിക്കുന്നുണ്ട്.ടി തുക എത്രയും വേഗം പിരിച്ചെടുത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**17.കൃഷി അസിസ്റ്റന്റ് ഡയറക്ടർ (എഡിഎ) നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളും ഫയലുകളും -സംബന്ധിച്ച്**

i) പ്രൊജക്റ്റ് നമ്പർ 18/ 25 പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് കൃഷിശ്രീ സെന്ററിന് 53,100 രൂപ ചെലവഴിച്ച് പൾവർടൈസർ മെഷീൻ വാങ്ങിയിട്ടുണ്ട്.

**എ)** കൃഷിശ്രീ സെന്ററിനെ തെരഞ്ഞെടുത്തത് സംബന്ധിച്ച് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

**ബി)** ഉപകരണം വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**സി)** കൃഷിശ്രീ സെന്ററുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല.

**ഡി)** സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങൽ വിതരണം എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

മേൽ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

**ii)** പ്രൊജക്റ്റ് 15/25 കൃഷി അസിസ്റ്റന്റ് ഡയറക്ടർ  ഓഫീസിലേക്ക്_ഫർണിച്ചറുകൾ വാങ്ങൽ പ്രകാരം 97,860 രൂപയ്ക്ക് ആർട്കോയിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

**എ)** സ്റ്റോക്ക് എൻട്രി വിവരങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.

**ബി)** സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വന്നിട്ടില്ല

**iii)** പ്രൊജക്റ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ബിൽ നമ്പർ, തീയതി, ഫണ്ടിന്റെ സ്രോതസ്സ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

## 18. എസ് .സി. ഡി. ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികൾ– സംബന്ധിച്ച്

**എ)** പ്രൊജക്റ്റ് നമ്പർ 57 പട്ടിക ജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം എസ് ഡി ഒ ഓഫീസിലേക്ക് ഡെസ്ക്ടോപ്പ്, പ്രിൻറർ എന്നിവ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഉൽപ്പന്നത്തിന്റെ വില, ഗ്യാരണ്ടി പിരീഡ് തുടങ്ങിയ വിവരങ്ങളോടെ സ്റ്റോക്ക് രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**ബി)** പ്രൊജക്റ്റ് രജിസ്റ്ററിൽ വിവരങ്ങൾ പ്രിൻറ് എടുത്ത് ഒട്ടിച്ചു വെച്ചിരിക്കുകയാണ്. പ്രൊജക്റ്റ് രജിസ്റ്ററിൽ എഴുതി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി  ആധികാരികമാക്കി വെക്കേണ്ടതാണ്.

**സി)**  എസ് സി പഠനമുറി പദ്ധതിയിൽ 2024–25 സാമ്പത്തിക വർഷത്തിൽ 22 ഗുണഭോക്താക്കൾക്ക് ആണ് തുക നൽകിയിട്ടുള്ളത്. 2025 മാർച്ച് മാസം മാത്രമേ ആദ്യ

ഗഡു നൽകിയിട്ടുള്ളൂ എന്നുള്ളതിനാൽ ഭൂരിഭാഗം ഗുണഭോക്താക്കളും പഠനമുറി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ചതിന് ശേഷം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഡി)** 2023 –24 സാമ്പത്തിക വർഷത്തിൽ തുക നൽകിയിട്ടുള്ളത് 28 ഗുണഭോക്താക്കൾക്കാണ്. ആയതിൽ ആറുപേർ മാത്രമേ പണി പൂർണമായും പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റുള്ളവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 19. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ സംബന്ധിച്ച്

2024 –25 സാമ്പത്തിക വർഷത്തിൽ മുൻകൂർ ധനസഹായം നൽകിയിട്ടും പെരുവള്ളൂർ ലൈവ് കോക്കനട്ട് ഓയിൽ എന്ന സ്ഥാപനവും ലൈബ ലേഡീസ് ടൈലറിംഗ് നന്നമ്പ്ര എന്ന സ്ഥാപനവും പ്രവർത്തനമാരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 20. സിഡിപി ഒ നിർവഹണ ഉദ്യോഗസ്ഥയായ പദ്ധതികൾ –സംബന്ധിച്ച്

**എ)** പ്രൊജക്റ്റ് നമ്പർ 25 എന്ന ഫയലിൽ 18/01/2025 തീയതിയിൽ 23,375 രൂപയ്ക്ക് യുപിഎസ്, പ്രിൻറർ എന്നിവ വാങ്ങിയ ഇനത്തിൽ മൈ കെയർ എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട് . കൊട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോൾ സിപി ആർ സി എസ് / ജെംഎന്നീ സങ്കേതങ്ങൾ ഉപയോഗിച്ചിട്ടില്ല അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്

**ബി)** സിഡിപി ഒ അഡീഷണൽ ഓഫീസിലെ ഫയൽ സൂക്ഷിപ്പ് ക്രമപ്രകാരം ആക്കണം. നിലവിൽ പദ്ധതി പ്രകാരമായി ഫയലുകൾ സൂക്ഷിച്ചിട്ടില്ല . ഫയൽ ക്രമപ്രകാരം ആക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 21. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ–സംബന്ധിച്ച്

പ്രൊജക്റ്റ് നമ്പർ 103 രോഗികൾക്കുള്ള ഇരിപ്പിട സൌകര്യം ഒരുക്കൽ എന്ന പദ്ധതി പ്രകാരം സി എച്ച് സി പെരുവള്ളൂരിൽ രോഗികൾക്ക് ഇരിക്കുന്ന സൗകര്യത്തിനായി ചെയറുകൾ വാങ്ങിയിട്ടുണ്ട് 79,296 രൂപയ്ക്ക് 56 ഫൈബർ ചെയറും 66,664 രൂപയ്ക്ക് 6 എയർപോർട്ട് ചെയറുമാണ് വാങ്ങിയിട്ടുള്ളത് ആകെ 149,494 രൂപ ചെലവഴിച്ചു.

**എ)** ഉൽപ്പന്നം ആർട്കോയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ആർട്കോ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഉത്പന്നങ്ങൾ നേരിട്ട് വാങ്ങിക്കുമ്പോൾ ടി ഉൽപ്പന്നങ്ങൾ അവർ നിർമ്മിക്കുന്ന സാധനങ്ങൾ അല്ല എങ്കിൽ വാങ്ങലിന്റെ മൊത്തം തുകയുടെ 50 ശതമാനത്തിൽ ആയത് അധികരിക്കുന്നുവെങ്കിൽ പ്രത്യേക കൊട്ടേഷനുകൾ വാങ്ങിക്കേണ്ടതാണ്.

**ബി)** കെ എം സി എല്ലിൽ നിന്നും അഡ്വാൻസ് നൽകി മരുന്നുകൾ ഇനിയും ലഭ്യമാവാനുള്ളതായി കാണുന്നു. നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഭാഗം (V)** : ഓഡിറ്റ് വേളയിൽ കണ്ടെത്തിയതും അപ്പോൾ തന്നെ പരിഹരിച്ചതുമായ അപാകതകൾ : ഇല്ല

**ഭാഗം (VI)** : ഓഡിറ്റിന് ഹാജരാക്കാതിരുന്ന രേഖകൾ : ഇല്ല

**ഭാഗം (VII)** : പ്രത്യേകം പരാമർശിക്കുന്ന മികച്ച പ്രവർത്തനങ്ങൾ : ഇല്ല



**മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് വേണ്ടി**